'ഭരണഭാഷ – മാതൃഭാഷ'

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 24.08.17

എം.1–2684/16 (1)

## സർക്കുലർ

വിഷയം:– സർക്കാർ ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കുന്നത് – സംബന്ധിച്ച്.

സൂചന:– 1. ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2014–16) 43–മത് റിപ്പോർട്ടിന്മേലുള്ള മാർഗ്ഗനിർദ്ദേശം.
2. ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2014–16) 24–മത് റിപ്പോർട്ട് അദാലത്ത് സംബന്ധിച്ച്.
3. സർക്കാരിന്റെ 11.08.2017 ലെ 342/ഡി.എ 3/2017/തസ്വഭവ നമ്പർ കത്ത്.

********

പദ്ധതി നിർവഹണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കർശനമായി പാലിക്കണമെന്ന് ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ശുപാർശചെയ്തിരിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എടുക്കുന്ന ഓരോ തീരുമാനങ്ങളും നിലവിലുള്ള ആക്ടിനും ചട്ടങ്ങൾക്കും നിയമനങ്ങൾക്കും ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും സർക്കുലറുകൾക്കും വിധേയമാണെന്ന് ഓരോ ഉദ്യോഗസ്ഥനും ജീവനക്കാരനും ഉറപ്പാക്കേണ്ടതാണ്. ആയതിനു വിപരീതമായി തീരുമാനങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ആയതുമായി ബന്ധപ്പെട്ടവരെ കാര്യങ്ങൾ ധരിപ്പിക്കുന്നതിനും ആവശ്യമാകുന്ന സാഹചര്യത്തിൽ സർക്കാർ തലത്തിൽ ബോദ്ധ്യപ്പെടുത്തുന്നതിനും സെക്രട്ടറിമാർ ബാദ്ധ്യസ്ഥരാണ്.

സാമ്പത്തിക കാര്യങ്ങളിൽ സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ബാദ്ധ്യസ്ഥമായിരിക്കെ അവയ്ക്ക് ലഭിക്കേണ്ട ഫീസുകൾ, നികുതികൾ ചട്ടപ്രകാരം ലഭിക്കേണ്ട മറ്റ് വരുമാനങ്ങൾ എന്നിവ ഏകപക്ഷീയമായി വേണ്ട എന്ന് തീരുമാനിക്കുന്നത് അനുചിതവും സർക്കാരിന്റെ അനുമതിഇല്ലാതെ നടപ്പിലാക്കുന്നത് ചട്ടവിരുദ്ധവുമാണെന്ന് ബഹു. അക്കൗണ്ട്സ് കമ്മിറ്റി വിലയിരുത്തുന്നു. ആയതിനാൽ ഇക്കാര്യം സർക്കാർ ഗൗരവമായി പരിശോധിച്ചുവരുന്നു. ആയതിനാൽ സാമ്പത്തിക കാര്യങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ നിർദ്ദേശങ്ങളും ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശിക്കുന്നു. ഈ വിഷയത്തിന്മേൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാരും പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് സൂപ്പർവൈസർമാരും പ്രതിമാസമോണിറ്ററിംഗ് നടത്തുന്നതിനും നിർദ്ദേശിക്കുന്നു.

പഞ്ചായത്ത് ഡയറക്ടർ.

ആജ്ഞാനുസരണം

Sueeeccc

സൂപ്രണ്ട്

സിഎസ് 11.09.17

പകർപ്പ്

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും